എം.എസ്.എ റസാഖ്
msarazak@hotmail.com

# നബി മാതൃക പിൻപറ്റലാണ് യഥാർഥ പ്രവാചക സ്നേഹം

عَنْ أَبِى هُرَيْرَةَ رَضِيَ اللهُ عَنْهُ: أَنَّ رَسُولَ اللهِ ﷺ قَالَ: كُلُّ أُمَّتِى يَدْخُلُونَ الجَنَّةَ إِلاَّ مَنْ أَبَى. قَالُو: يَا رَسُولَ اللهِ مَنْ يَأْبَى؟ قَالَ: مَنْ أَطَاعَنِي دَخَلَ الْجَنَّةَ وَ مَنْ عَصَانِي فَقَدْ أَبَى (البخارى).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: തിരുദൂതൻ (സ) പറഞ്ഞു: "എന്റെ സമുദായം മുഴുവനും സ്വർഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവൻ ഒഴികെ." അനുയായികൾ ചോദിച്ചു: "റസൂലേ, ആരാണ് വിസമ്മതിച്ചവൻ?" അവിടുന്ന് പറഞ്ഞു: "ആരാണോ എന്നെ അനുസരിക്കുന്നത് അവൻ സ്വർഗത്തിൽ പ്രവേശിച്ചു. ആര് എന്നെ ധിക്കരിച്ചോ അവൻ വിസമ്മതിച്ചു" (ബുഖാരി).

പ്രവാചകചര്യ അനുധാവനം ചെയ്യേണ്ടതിന്റെ പ്രാധാന്യം വിവരിക്കുകയാണ് ഈ ഹദീസ്. പ്രവാചകനെ അനുസരിക്കുകയും പ്രവാചകാധ്യാപനങ്ങൾ പിൻപറ്റുകയും ചെയ്യൽ സ്വർഗ പ്രവേശത്തിന് അനിവാര്യമാകുന്നു. തൗഹീദിൽ നിലകൊള്ളുകയും നബി(സ) പഠിപ്പിച്ച ശരീഅത്തിനനുസൃതമായി ജീവിതം നയിക്കുകയും ചെയ്യുന്നവർ സ്വർഗാവകാശികളായിരിക്കും. നബി (സ) പഠിപ്പിച്ച ദീൻ അംഗീകരിക്കാതിരിക്കുകയും, അതനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താതിരിക്കുകയും ചെയ്യുന്നവരാണ് പ്രവാചകനെ നിരസിക്കുന്നവരും ധിക്കരിക്കുന്നവരും. പ്രവാചകചര്യ ജീവിതത്തിൽ പകർത്താനും പ്രയോഗവൽക്കരിക്കാനും വിസമ്മതിക്കുന്നവരാണവർ. പ്രവാചകനെ പിൻപറ്റൽ ദൈവസ്നേഹത്തിന് കാരണമാകുന്നു. റസൂലിനെ നിഷേധിക്കുന്നതും പ്രവാചകാധ്യാപനങ്ങളെ നിരാകരിക്കുന്നതും ദൈവകോപത്തിനും നരക പ്രവേശത്തിനും ഇടയാക്കും.

പ്രവാചകനെ അനുസരിക്കുന്നവൻ അല്ലാഹുവിനെ അനുസരിച്ചു. പ്രവാചകനെ ധിക്കരിക്കുന്നവൻ അല്ലാഹുവിനെ ധിക്കരിച്ചവനാകുന്നു. അബൂസഈദിൽ ഖുദ്രി(റ)യിൽ നിന്ന് നിവേദനം: നബി (സ) അരുളി: "എന്റെ ആത്മാവ് ഏതൊരുവനിലാണോ അവനിൽ സത്യം. നിങ്ങൾ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും; നിഷേധിക്കുകയും, ഒട്ടകം യജമാനനിൽ നിന്ന് ഓടിയകന്നു പോകുന്ന പോലെ ദീനിൽ നിന്ന് ഓടി അകലുകയും ചെയ്യുന്നവർ ഒഴികെ." "സ്വർഗത്തിൽ പ്രവേശിക്കാൻ വിസമ്മതിക്കുന്നവരുണ്ടാകുമോ?"-ഒരാൾ ചോദിച്ചു. "എന്നെ അനുസരിച്ചവൻ സ്വർഗത്തിൽ പ്രവേശിക്കും. ധിക്കരിച്ചവൻ നരകത്തിലും പ്രവേശിക്കും" - നബി(സ) പ്രതിവചിച്ചു (ത്വബ്റാനി).

പ്രവാചകാധ്യാപനങ്ങൾ യഥാവിധി പിൻപറ്റുമ്പോഴാണ് 'ഇത്തിബാഉർറസൂൽ' സാക്ഷാത്കരിക്കപ്പെടുന്നത്. പ്രവാചകസ്നേഹത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് പ്രവാചകചര്യ പിൻപറ്റുന്നതിലാണ്. പ്രവാചകന്റെ കൽപ്പനകൾ ജീവിതത്തിൽ പകർത്തുകയും അവിടുന്ന് നിരോധിച്ച കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നിടത്തേ പ്രവാചക സ്നേഹമുള്ളൂ. അവിടുന്ന് അരുളി: "എന്നെ ഇഷ്ടപ്പെടുന്നവർ എന്റെ കൂടെ സ്വർഗത്തിലായിരിക്കും" (തുർമുദി). അലി (റ)യോട് ഒരാൾ ചോദിച്ചു: "നിങ്ങൾ സ്വഹാബിമാരുടെ പ്രവാചക സ്നേഹം എപ്രകാരമായിരുന്നു?" അദ്ദേഹം പറഞ്ഞു: "ഞങ്ങളുടെ ധനത്തേക്കാളും സന്താനങ്ങളെക്കാളും മാതാപിതാക്കളെക്കാളുമെല്ലാം കൂടുതൽ ഞങ്ങൾ സ്നേഹിച്ചിരുന്നത് പ്രവാചകനെയായിരുന്നു."

പ്രവാചകന്റെ ജന്മദിനം കടന്നുപോകുന്ന ഈ അവസരത്തിൽ നമ്മുടെ പ്രവാചക സ്നേഹത്തിന്റെ ആഴം എത്രമാത്രമുണ്ടെന്ന് നാം ആത്മ വിചാരണ നടത്തണം. നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രവാചകാധ്യാപനങ്ങൾക്ക് എത്രമാത്രം പ്രഥമ പരിഗണന നൽകുന്നുണ്ടെന്നും. വൈയക്തിക രംഗത്ത്, കുടുംബരംഗത്ത്, സാമൂഹിക ബന്ധങ്ങളിൽ, സാമ്പത്തിക ഇടപാടുകളിൽ, സംസാരത്തിൽ , പെരുമാറ്റത്തിൽ, വ്യാപാരങ്ങളിൽ, വ്യവസായങ്ങളിൽ, ദിനചര്യകളിൽ, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ, സാംസ്കാരിക ജീവിതത്തിൽ എല്ലാം പ്രവാചകചര്യക്ക് നൽകപ്പെടുന്ന സ്ഥാനമെന്താണ്? ഓരോരുത്തനും സ്വന്തത്തോട് ചോദിക്കേണ്ട ചോദ്യമാണിത്. വളരെ നിസ്സാരമെന്ന് ധരിക്കുകയുംഅവഗണിക്കുകയും ചെയ്യുന്ന ചെറിയ ചെറിയ കാര്യങ്ങളിൽ വരെ മഹിതമായ പ്രവാചക മാതൃകയുണ്ട്. അത്തരം സുന്നത്തുകളിലും അധ്യാപനങ്ങളിലും നിഷ്കർഷ പുലർത്തുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുകയാണ് പ്രവാചക സ്നേഹത്തിന്റെ താൽപര്യം. അപ്പോൾ മാത്രമേ പ്രവാചകനെ പിൻപറ്റൽ അന്വർഥമാകുകയുള്ളൂ. നബി (സ) അരുളി: "ഞാൻ നിങ്ങളോട് ഒരു കാര്യം നിരോധിച്ചാൽ അത് നിങ്ങൾ വർജ്ജിക്കുകയും, വല്ലതും കൽപ്പിച്ചാൽ കഴിവതും നിങ്ങളത് പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യുക" (ബുഖാരി). ●